# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 786 — 24.07.2012- ൽ മറുപടിക്ക്

### കൈത്തറി നെയ്ത്ത് തൊഴിലാളി കടാശ്വാസ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. അച്ചുതൻ**<br>**ശ്രീ. പി.സി.വിഷ്ണുനാഥ്**<br>**ശ്രീ.ആർ.സെൽവരാജ്**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) കൈത്തറി നെയ്ത്തു മേഖലയിലെ വ്യവസായ പ്രതിസന്ധിക്കും തൊഴിലില്ലായ്മയ്ക്കും പരിഹാരം കാണുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (എ) കൈത്തറി വ്യവസായത്തിനായി 2012-13 ബഡ്ജറ്റിൽ കേന്ദ്ര വിഹിതമുൾപ്പെടെ 63.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 50 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും കൈത്തറി നെയ്ത്ത് മേഖലയിലെ പ്രതിസന്ധിക്കും തൊഴിലില്ലായ്മയ്ക്കും പരിഹാരം കാണുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ളവയാണ്.<br><br>കൈത്തറി സംഘങ്ങളുടെ പ്രവർത്തന പുരോഗതിയ്ക്കും നിലനിൽപ്പിനുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.<br><br>2. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.<br><br>3. ഹാൻടെക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 20% റിബേറ്റും കൈത്തറി ഉണികളുടെ വിൽപ്പനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു.<br><br>4. വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു.<br><br>5. കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ സബ്സിഡി നൽകി വരുന്നു.<br><br>6. കൈത്തറി നെയ്ത്തുകാർക്ക് വേണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. |

7. എൽ.ഐ.സി യും കേന്ദ്രഗവൺമെന്റും /സംസ്ഥാന ഗവൺമെന്റും ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി എം.ജി.ബി.ബി.വൈ എന്ന ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു.

8. ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.

9. കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി ഏഴ് യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു.

10. കേന്ദ്ര ഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.

11. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തിവരുന്നു.

12. പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു.

13. കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവത്ക്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു.

14. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.

15. അംശദായ മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നു.

16. കൈത്തറി തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നുണ്ട്.

17. ഫാക്ടറിയേതര സൊസൈറ്റികളിലെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

18. ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധതൊഴിലാളികളേയും പ്രവർത്തനോന്മുഖമാക്കുന്നതിന് പ്രചോദന പരിപാടി നടപ്പിലാക്കുന്നു.

19. കൈത്തറി മേഖലയിൽ കേന്ദ്രഗവൺമെന്റിന്റെ "പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ്" നടപ്പിലാക്കുന്നു.

(ബി) ഇവർക്കായി കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയം പ്രഖ്യാപിച്ച കടാശ്വാസ നിയമത്തിലെ അപാകതകൾ

(ബി) കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയം പ്രഖ്യാപിച്ച കടാശ്വാസ നിയമം അനുസരിച്ച് വയബിൾ, പൊട്ടൻഷ്യലി വയബിൾ കാറ്റഗറിയിൽപ്പെട്ട സംഘങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്. ഈ പദ്ധതിയിൽ അനുശാസിക്കുന്ന 4 നിബന്ധനകൾ താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| മൂലം അർഹരായവർക്ക് ആനുകൂല്യം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | 1. 31.3.10 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിരിക്കണം.<br>2. നെറ്റ് വർത്ത് പോസിറ്റീവായിരിക്കണം.<br>3. 5 വർഷത്തിൽ ഒരു വർഷമെങ്കിലും ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം.<br>4. കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി ഉൽപാദനത്തിന്റെ 50% മെങ്കിലും വില്പന നടത്തിയിരിക്കണം.<br>5. പ്രവർത്തന മൂലധനം/ക്യാഷ് ക്രെഡിറ്റ് തുക വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും പൂർണ്ണമായി വിനിയോഗിച്ചിരിക്കുകയും അത്രയും തുക അക്കൗണ്ടിലേയ്ക്ക് തിരിച്ചടവ് ഉണ്ടായിരിക്കുകയും ചെയ്യണം. മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിച്ച് അർഹരായവർക്ക് ആനുകൂല്യം ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ എത്ര സംഘങ്ങൾ ഈ പാക്കേജിന്റെ പരിധിയിൽ വരുമെന്നുള്ളത് നബാർഡിന്റെ സ്പെഷ്യൽ ഓഡിറ്റിനു ശേഷം മാത്രമേ അറിയാൻ കഴിയുകയുള്ളൂ. |
| (സി) നെയ്ത്തുകാരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്ന പദ്ധതിയിൽ ബാങ്കുകളെ കൂടാതെ വിവിധ സർക്കാർ ഏജൻസികൾ നൽകിയിട്ടുള്ള വായ്പകൾ കൂടി ഉൾപ്പെടുത്തി നിയമം ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**